# MODEL QUESTION PAPER 2018 – 2019

**STD: X** **MALAYALAM**

# മലയാളം

***അനുവദിച്ച സമയം: 3 മണിക്കൂർ*** ***ആകെ മാർക്ക്: 80***

*Time allowed: 3 hours* *Maximum Marks: 80*

The Question Paper is divided into four sections:

| | |
|---|---|
| Section A: Reading Comprehension | 10 marks |
| Section B: Writing | 16 marks |
| Section C: Grammar | 17 marks |
| Section D: Literature | 37 marks |

## എ വിഭാഗം

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

സാമൂഹിക ജീവിതത്തിൽ ആശയവിനിമയത്തിന് വേണ്ടി കണ്ടുപിടിക്കപ്പെട്ട മാധ്യമമാണ് ഭാഷ. വാക്കുകൾ ആ ഭാഷയുടെ ഘടകങ്ങളും. സാമൂഹിക ജീവിതത്തിൽ നിന്നുരുത്തിരിഞ്ഞ് രൂപം പ്രാപിച്ചു വന്ന ഭാഷയുടെ നിലനില്പ് പൊതുവായ മൂല്യബോധത്തിന്റെ, പൊതുവായ ചില വിശ്വാസങ്ങളുടെ അസ്തിവാരത്തിലാണ്. അതില്ലാത്തിടത്ത് ഭാഷ നിരർത്ഥകമായിത്തീരുകയേയുള്ളൂ. വിശ്വാസത്തിന്റേയും വീക്ഷണത്തിന്റേയും കാര്യത്തിൽ നിങ്ങളുമായി യാതൊരു സാമ്യവുമില്ലാത്ത ഒരാളുമായി സംഭാഷണത്തിലേർപ്പെടാൻ നോക്കൂ. അപ്പോൾ ഇക്കാര്യം ശരിക്കനുഭവപ്പെടും. നിങ്ങൾക്ക് പരസ്പരം മനസ്സിലാവുകയില്ല. പരസ്പരം മനസ്സിലാക്കാൻ കഴിയാതെ പ്രയോഗിക്കപ്പെടുന്ന ഭാഷ അതിന്റെ അർത്ഥത്തെത്തന്നെ നിഷേധിക്കുകയാണല്ലോ ചെയ്യുന്നത്. അവിടെ മൗനമാണ് യാഥാർത്ഥ്യം. ഭാഷയിലൂടെയാണ് മനുഷ്യൻ അവന്റെ ഏറ്റവും വിലപ്പെട്ട മാനസികജീവിതം ലോകത്തിന് കാഴ്ചവയ്ക്കുന്നത്. അങ്ങനെ കാഴ്ച വയ്ക്കാൻ അവനെ സഹായിക്കുന്നത് ഭാഷാപ്രയോഗത്തിൽ കാതലായി പ്രവർത്തിക്കുന്ന മൂല്യബോധമോ വിശ്വാസമോ ആകുന്നു.

<u>ചോദ്യങ്ങൾ</u>

i. ഭാഷ നിരർത്ഥകമായിത്തീരുന്നത് എപ്പോൾ? 2

ii ‘അവിടെ മൗനമാണ് യാഥാർത്ഥ്യം’ എവിടെ? 2

iii. ഭാഷയിലൂടെ മനുഷ്യൻ ലോകത്തിന് കാഴ്ച വയ്ക്കുന്നതെന്ത്? 2

iv. എന്താണ് ഭാഷ? ഭാഷയുടെ ഘടകങ്ങൾ എന്ത്? 2

v. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. 2

## ബി വിഭാഗം

2.

i. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. 8

a. തീവ്രവാദം– ലോകസമാധാനത്തിന് ഭീഷണി

b. വ്യക്തിജീവിതത്തിൽ മാതൃഭാഷയ്ക്കുള്ള സ്വാധീനം

c. കലയും സംസ്കാരവും

ii. ബാലാവകാശങ്ങളെക്കുറിച്ച് കുട്ടികൾക്ക് ഒരു ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബാലാവകാശ കമ്മീഷൻ ചെയർമാന് കത്ത് തയ്യാറാക്കുക. 8

## സി വിഭാഗം

3. i. പ്രയോഗം മാറ്റുക 2 X 1 = 2

a. നിങ്ങൾ എന്റെ ജയത്തിനു വേണ്ടി ആവുന്നതൊക്കെ ചെയ്തു.

b. കടലാസിലെ വിവരങ്ങൾ പാറാവുകാരനാൽ ഒരിക്കൽ കൂടി ശ്രദ്ധിച്ച് വായിക്കപ്പെട്ടു.

ii. അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെടുക്കുക. 2 X 1 = 2

a. കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്തു ചെന്നിരിക്കും

b. സാന്താമായി ഒരു 'മഹാർ' ആണെന്ന് മനസ്സിലായതിനാൽ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല.

iii. പിരിച്ചെഴുതി സന്ധി നിർണയിക്കുക. 2 X 1 = 2

a. സജ്ജനം

b. സുമോപമം

iv. വിഗ്രഹിച്ചെഴുതി സമാസം നിർണയിക്കുക. 2 X 1 = 2

a. അക്ഷന്തവ്യം

b. നെടുവരമ്പ്

v. പര്യായപദങ്ങൾ എഴുതുക 2 X 1 = 2

a. മാവ്

b. കുട

vi. നാനാർത്ഥങ്ങൾ എഴുതുക 2 X 1 = 2

a. കൊമ്പ്

b. ശല്യം

vii. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2 X 1 = 2

a. കണ്ടുണ്ണി കേൾവിക്കും ശ്രവണത്തിനും അപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു

b. ഭീമൻ വില്ലും അമ്പുമെടുത്ത് തേരിലേറുകയും നകുലനെ സാരഥിയാക്കി പുറപ്പെട്ടു.

4. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

i. വിപരീതപദം എഴുതുക 2 X 1/2 = 1

a അവസരം ( നിരവസരം, അനവസരം, ദുരവസരം, വാസരം)

b. ശ്രേഷ്ഠം ( ആകൃഷ്ടം, ഉന്നതം, അധമം, നിഷ്ഠം)

ii. അർത്ഥവ്യത്യാസം എഴുതുക 2 X 1/2 = 1

a. അങ്കണം – കങ്കണം

(പൂന്തോട്ടം, മുറ്റം, തള, വള)

b. ധര – ധാര

(ഭൂമി, ധീരം, അമ്മ, പ്രവാഹം)

iii. എതിർലിംഗം എടുത്തെഴുതുക 2 X 1/2 = 1

a. അർത്ഥി (അർത്ഥ, നിരർത്ഥി, അർത്ഥിനി, അർത്ഥനി)

b. പ്രമുഖൻ ( പ്രമുഖി, പ്രമുഖിനി, പ്രാമുഖി, പ്രമുഖ)

## ഡി വിഭാഗം

5. 5 X 1/2 = 2 1/2

i. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക

a. 'ലക്ഷ്മണസാന്ത്വനം' അധ്യാത്മരാമായണത്തിലെ ഏതു കാണ്ഡത്തിലുള്ളതാണ്?

(ആരണ്യകാണ്ഡം, അയോദ്ധ്യാകാണ്ഡം, ബാലകാണ്ഡം, സുന്ദരകാണ്ഡം)

b. 'തൊട്ടുവായിച്ചാലശുദ്ധമെന്നോതി നീ' ഇവിടെ 'നീ' എന്ന് സൂചിപ്പിക്കുന്നതാരെയാണ്?

(അമ്മ, മകൾ, ഭാര്യ, മകൻ)

c. 'നളിനി' എന്ന കാവ്യത്തിന്റെ മറ്റൊരു പേരെന്ത്?

(സ്നേഹം, ഒരു സ്നേഹം, സ്നേഹഗീത, സ്നേഹഗാഥ)

d. വിശ്വവിജയികൾ എന്ന് കവി സൂചിപ്പിക്കുന്നതാരെ?

(പൂർവ്വികർ, തൊഴിലാളികൾ, രാജാക്കന്മാർ, ഋഷിമാർ)

e. മങ്ങിപ്പഴകിയ പിഞ്ഞാണ വർണമായ് കാണപ്പെട്ടതെന്ത്?

(കൈച്ചുള്ളികൾ, കണ്ണുകൾ, മുഖം, ഓർമ്മകൾ)

ii. 5 X 1/2 = 2 1/2

a. അമ്പലത്തിലെ നടതുറക്കാൻ കാത്തിരിക്കുന്നത് പോലെ വെള്ളായിയപ്പൻ ഇരുന്നതെവിടെ?

(റെയിൽവേസ്റ്റേഷനിൽ, വീടിന്റെ പൂമുഖത്ത്, ജയിലിന്റെ ഗേയ്റ്റിന് പുറത്ത്, ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ)

b. ഹൃഷികേശൻ ആരാണ്?

(ശിവൻ, കൃഷ്ണൻ, ഭീഷ്മർ, അഭിമന്യൂ)

c. ശരൺകുമാർ ലിംബാളെ ഏതു ഭാഷയിലെ സാഹിത്യകാരനാണ്?

(മലയാളം, മറാഠി, ബംഗാളി, ഹിന്ദി)

d. കവിഭാവനയെ ഏറ്റവും കൂടുതൽ ഉദ്ദീപ്തവും ഉൻമത്തവുമാക്കിയിട്ടുള്ള ബഹുമതി ഏത് വൃക്ഷത്തിന് അവകാശപ്പെട്ടതാണ്?

(അശോകം, ഇലഞ്ഞി, മാവ്, ആല്)

e. താഴെ തന്നിരിക്കുന്നവയിൽ എസ്.കെ പൊറ്റക്കാടിന്റേതല്ലാത്ത കൃതി ഏത്?

(ഒരു തെരുവിന്റെ കഥ, വിഷകന്യക, പുള്ളിമാൻ, അസുരവിത്ത്)

6.i. ഉത്തരം എഴുതുക 3 X 4 = 12

a. 'ക്രോധം പരിത്യജിക്കേണം ബുധജനം' ആശയം വിശദമാക്കുക.

b. 'ഈശ്വരനല്ല, മാന്ത്രികനല്ല ഞാൻ

പച്ചമണ്ണിൽ മനുഷ്യത്വമാണു ഞാൻ'

ഈ വരികളിൽ തെളിയുന്ന കവിയുടെ

ജീവിത വീക്ഷണം വ്യക്തമാക്കുക

c. അമ്മയെ ഉപേക്ഷിക്കാനുള്ള ശ്രമത്തിൽ നിന്ന് മകനെ പിന്തിരിപ്പിച്ച ഓർമ്മകൾ എന്തെല്ലാം?

ii. 3 X 4 = 12

a. 'എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു' ലിംബാളെയുടെ നിലപാടിൽ വെളിപ്പെടുന്ന സന്ദേശമെന്താണ്?

b. അശ്വത്ഥാമാവിനെ ചിരംജ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിലൂടെ വ്യാസൻ, എന്ത് താക്കീതാണ് ലോകത്തിനു നൽകുന്നത്?

c. 'കടൽത്തീരത്ത്' എന്ന ചെറുകഥയിൽ പൊതിച്ചോറിനുള്ള സ്ഥാനം വിശകലനം ചെയ്യുക.

7. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 2 X 4 = 8

a. ചട്ടമ്പിസ്വാമികൾക്ക് വിദ്യാധിരാജൻ എന്ന പേര് ലഭിച്ചതെങ്ങനെ?

b. ചട്ടമ്പിസ്വാമികളും വിവേകാനന്ദനും തമ്മിലുള്ള കൂടിക്കാഴ്ചയെക്കുറിച്ച് ഒരു ഖണ്ഡിക തയ്യാറാക്കുക.

c. ചട്ടമ്പിസ്വാമികൾ അഹിംസാ സിദ്ധാന്തത്തെ സ്വജീവിതത്തിൽ പ്രായോഗികമാക്കിയതെങ്ങനെ?